**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3964** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ സാമ്പത്തിക തട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം തരത്തിലുള്ള ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; | (എ) | സംസ്ഥാനത്ത് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ലോട്ടറി/വ്യാജ സമ്മാന തട്ടിപ്പ്<br><br>2.ഇൻവെസ്റ്റ്മെന്റ്/ട്രേഡിങ്ങ് തട്ടിപ്പ്<br><br>3.പാഴ്സലിൽ നിയമവിരുദ്ധമായ സാധനങ്ങൾ കണ്ടെത്തിയെന്ന് പറഞ്ഞ് തട്ടിപ്പ് (FedEX Scam)<br><br>4.നിയമവിരുദ്ധമായ ലോൺ ആപ്പുകൾ വഴിയുള്ള തട്ടിപ്പ്<br><br>5.ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകൾ, KYC കാലഹരണപ്പെട്ടതായും പുതുക്കാനും മറ്റും പറഞ്ഞ് OTP കൈക്കലാക്കിയുള്ള തട്ടിപ്പുകൾ<br><br>6.ആളുകളുടെ ലൈംഗിക പ്രവർത്തികളുടെയോ, ചേഷ്ടകളുടെയോ ദൃശ്യങ്ങൾ വെളിപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തിയുള്ള തട്ടിപ്പുകൾ (Sextortion)<br><br>7.വ്യാജ കസ്റ്റമർ സപ്പോർട്ട് തട്ടിപ്പ്<br><br>8.പ്രണയം/മാട്രിമോണി വഴി ബന്ധപ്പെട്ട് സമ്മാനങ്ങൾ നൽകാമെന്ന് പറഞ്ഞുള്ള തട്ടിപ്പ്<br><br>9.വ്യാജ തൊഴിൽ വാഗ്ദാനങ്ങളിലൂടെയുള്ള തട്ടിപ്പ്<br><br>10.വ്യാജ ഇ-കൊമേഴ്സ് സൈറ്റുകൾ/പ്രൊഫൈലുകൾ ഉപയോഗിച്ചുള്ള കച്ചവട തട്ടിപ്പുകൾ<br><br>11.മൊബൈൽ ആപ്പുകൾ/കമ്പ്യൂട്ടർ പ്രോഗ്രാമുകൾ ഉപയോഗിച്ച് മൊബൈലുകളുടെയും കമ്പ്യൂട്ടറുകളുടെയും ഉപയോഗം കൈവശപ്പെടുത്തി (Remote Access) നടത്തുന്ന തട്ടിപ്പുകൾ<br><br>12. SIM Swap Scam |

| | | | |
|---|---|---|---|
| | | | 13. Online Game<br>14. Fake E-Wallet scam<br>15. Social media Advertisement scam<br>16. Fake Yono App scam<br>17. OLX scam<br>18. TRAI scam<br>19. Honey trap scam<br>20. Identity theft<br>21. Impersonation<br>22. Online Purchase scam<br>23. Trading/business scam<br>24. Phishing/Smishing/Vishing |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓൺലൈൻ സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇതേവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പണം തിരികെ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | NCRP പോർട്ടലിൽ ലഭ്യമായ വിവരം അനുസരിച്ച് 20.05.2021 തീയതി മുതൽ 21.06.2024 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 3591 (മൂവായിരത്തി അഞ്ഞൂറ്റിത്തൊണ്ണൂറ്റിയൊന്ന്) FIR രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കാലയളവിൽ ഓൺലൈൻ തട്ടിപ്പുകാർ തട്ടിയെടുത്ത Rs.87,80,00,652 (എൺപ്പത്തിയേഴ് കോടി എൺപത് ലക്ഷത്തി അറുന്നൂറ്റി അൻപത്തിരണ്ട് രൂപ) Hold/Lien mark ചെയ്ത് തിരികെപ്പിടിയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | 2024 ഫെബ്രുവരി 6 -ന് ആരംഭിച്ച സൈബർ ഡിവിഷൻ, സൈബർ കുറ്റകൃത്യങ്ങൾക്ക് ഇടയാക്കുന്ന വസ്തുതകൾ കണ്ടെത്തി വിശകലനം ചെയ്യുകയും സൈബർ സംബന്ധമായ കേസുകളിൽ പോലീസ് സ്റ്റേഷനുകൾക്കും സൈബർ സെല്ലുകൾക്കും ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുന്നു. ഓൺലൈൻ തട്ടിപ്പിനിരയായ വ്യക്തികൾക്ക് പരാതി രജിസ്റ്റർ ചെയ്യുന്നതിനായിട്ടുള്ള ടോൾഫ്രീ നമ്പർ ആയ 1930 സൈബർ ഡിവിഷന്റെ കീഴിൽ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. സൈബർ ഡിവിഷൻ സൈബർ പട്രോളിങ്ങിലൂടെ സൈബർ കുറ്റകൃത്യങ്ങൾക്ക് ഉപയോഗിച്ചു എന്ന് കണ്ടെത്തിയ 9866 വെബ് സൈറ്റുകളും 403 അനധികൃത ഓൺലൈൻ ലോൺ ആപ്പുകളും നിർജീവമാക്കിയിട്ടുള്ളതാണ്. കൂടാതെ തട്ടിപ്പുകൾ നടത്തുവാനായി തട്ടിപ്പുകാർ ഉപയോഗിച്ചിരുന്ന 9856 |

| | | | |
|---|---|---|---|
| | | | സിം കാർഡുകൾ, 13874 ഡിവൈസ് IMEI നമ്പരുകൾ എന്നിവ പ്രവർത്തനരഹിതമാക്കിയിട്ടുള്ളതും തട്ടിപ്പുകാർ സ്ഥിരമായി ഉപയോഗിച്ച് വന്നിരുന്ന 12104 ബാങ്ക് അക്കൗണ്ടുകൾ ബ്ലോക്ക്/ ഫ്രീസ് ചെയ്തിട്ടുള്ളതുമാണ്. സൈബർ കുറ്റകൃത്യങ്ങളെ കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിനായി 6304 സൈബർ വോളണ്ടിയർമാരെ രജിസ്റ്റർ ചെയ്യുകയും അവർക്ക് ജില്ലാതലത്തിൽ ട്രെയിനിങ് നൽകിയിട്ടുള്ളതുമാണ്. സൈബർ കുറ്റാന്വേഷണ മികവ് വർധിപ്പിക്കുന്നതിന്റെ ഭാഗമായി 3636 പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ ഡിവിഷൻ പരിശീലനം നൽകിയിട്ടുണ്ട്. ഇത് കൂടാതെ ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ റാങ്കിൽപ്പെട്ട 360 പോലീസ് ഉദ്യോഗസ്ഥർക്ക് സ്പെഷ്യലൈസ്ഡ് ട്രെയിനിങ് മൂന്ന് ഘട്ടങ്ങളിലായി നടത്തിവരുന്നു.<br><br>കൂടാതെ പോലീസിന്റെ സോഷ്യൽ മീഡിയ സെന്റർ വഴി ടെലിവിഷൻ ചാനലുകളുടെയും പോലീസിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ആയ വാട്ട്സ് ആപ്പ്, ഫേസ് ബുക്ക്, ഇൻസ്റ്റാഗ്രാം എന്നിവ മുഖാന്തിരവും ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നുണ്ട്. സൈബർ ഡിവിഷനിൽ ലഭിച്ച ഡാറ്റ വിശകലനം ചെയ്തതിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് സൈബർ തട്ടിപ്പിന് കൂടുതൽ ഇരയായിട്ടുള്ള വിഭാഗമായ ഡോക്ടർമാർ, എൻജിനീയർമാർ, ഐ ടി പ്രൊഫഷണലുകൾ, ബാങ്ക് കസ്റ്റമേഴ്സ് NRI, ബിസിനസ് സമൂഹം എന്നിവരെ കേന്ദ്രീകരിച്ച് അവരുടെ ഗ്രൂപ്പുകളുടെ സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. കേരള പോലീസിലെ സോഷ്യൽ മീഡിയ സെന്ററിന്റെ കീഴിൽ ഏഴ് ബോധവൽക്കരണ വീഡിയോകൾ നിർമ്മിച്ച് സോഷ്യൽ മീഡിയ ഗ്രൂപ്പുകളിലൂടെ പ്രദർശിപ്പിച്ചുവരുന്നു. വിവിധ റസിഡൻസ് അസോസിയേഷനുകൾ വഴി പൊതുജനങ്ങൾക്ക് സൈബർ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിനുള്ള നടപടികളും, ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിൽ പൊതുജനസേവകരെ ബോധവൽക്കരണം നടത്തി പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണം ഊർജിതപ്പെടുത്തുന്നതിനുള്ള നടപടികളും ആലോചിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ